# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എകെടിഎം പി7/938/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 11/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം പി7/938/21 തീയ്യതി: 11/08/2021

## കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.തോമസ് ജോർജ്ജ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.നിമ്മിമോൾ മാനുവൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ലിജോ ജോബ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ധനലക്ഷമി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 06-07-2020 |
| ശ്രീമതി ഗ്രീഷ്മ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-07-2020 | 31-03-2021 |
| ശ്രീമതി ബിനി ഫിലിപ്പ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വിമൽ കുമാർ എം ബി | വെറ്ററിനറി സർജൻ | 01-04-2020 | 10-10-2020 |
| ഡോ കുര്യാക്കോസ് | വെറ്ററിനറി സർജൻ | 20-10-2020 | 31-03-2021 |
| ഡോ വിനീത.റ്റി എസ് | മെഡിക്കൽ ഓഫീസർ--പിഎച്ച്സി | 01-04-2020 | 01-02-2021 |
| ഡോ.ദിവ്യാ ജോർജ്ജ് റ്റി | മെഡിക്കൽ ഓഫീസർ--പിഎച്ച്സി | 02-02-2021 | 31-03-2021 |
| ഡോ ബിനോജ് കെ ജോസ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-01-2021 |
| ഡോ. അഞ്ജലി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 02-02-2021 | 31-03-2021 |
| ഡോ ആനി നെറിൻ | മെഡിക്കൽ | 01-04-2020 | 01-02-2021 |

| | | | |
|---|---|---|---|
| സക്കറിയ | ഓഫീസർ-ഹോമിയോ | | |
| ഡോ ലക്ഷ്മി | മെഡിക്കൽ ഓഫീസർ-ഹോമിയോ | 02-02-2021 | 31-03-2021 |
| ശ്രീ രാജീവ് സി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീകല | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ കപിൽ കെ എ | വിഇഒ-1 | 01-04-2020 | 14-10-2020 |
| ശ്രീ. അനീഷ് ലത്തീഫ് | വിഇഒ-1 | 15-10-2020 | 31-03-2021 |
| ശ്രീമതി രാജി കെ ആർ | വിഇഒ-2 | 10-11-2020 | 31-03-2021 |
| ശ്രീ ലിബീഷ് മാത്യു | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ambily M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ambily M (Asst. Audit Officer, On 20-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saramma John (Asst. Audit Officer, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ambily M (Asst. Audit Officer, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Krishnapriya.S (Auditor, On 19-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Maya R (Audit Officer, On 30-07-2021)<br>Last Updated By: Ambily M (Asst. Audit Officer, On 31-07-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Maya R (Audit Officer, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-10 |
| 11 | ഇടപാടുകളില്ലാതെ ബാങ്ക് അക്കൗണ്ട് നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-11 |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - പല ഭാഗങ്ങളായി തിരിച്ച് നികുതി നിർണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം<br>Written By: Krishnapriya.S (Auditor, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-12 |
| 13 | മൊബൈൽ ടവറുകളുടെ ഭീമമായ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Krishnapriya.S (Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-14 |
| 15 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-15 |
| 16 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു<br>Written By: Saramma John (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-16 |

| | | |
|---|---|---|
| 17 | ഷോപ്പിംഗ് കോപ്ലക്സ് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Saramma John (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-17 |
| 18 | പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു<br>Written By: Saramma John (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-18 |
| 19 | മേവട കമ്മ്യൂണിറ്റിഹാൾ കെട്ടിടനിർമ്മാണം - നാളിതുവരെ 46,17,945/- രൂപ വിനിയോഗിച്ചു- നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.<br>Written By: Maya R (Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-19 |
| 20 | കൂട്ടുങ്കൽ-ആയില്യം കുന്ന് മണ്ണ് ഫില്ലിങ്ങ് &ടാറിങ്ങ് - അപാകതകൾ<br>Written By: Maya R (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-20 |
| 21 | കെഴുവംകുളം ജലവിതരണപദ്ധതി - ടാങ്ക് നവീകരണവും പൈപ്പ് ലൈൻ സ്ഥാപിക്കലും -ഫണ്ട് വിനിയോഗത്തിലെ അപാകതകൾ.<br>Written By: Maya R (Audit Officer, On 29-07-2021)<br>Last Updated By: Maya R (Audit Officer, On 31-07-2021) | 1-21 |
| 22 | കൃഷിഭവൻ പുനരുദ്ധാരണം-പൊളിച്ച് മാറ്റിയ GI റൂഫിങ്ങ് ഷീറ്റ്- ലേലനടപടികൾ സ്വീകരിച്ചില്ല.<br>Written By: Maya R (Audit Officer, On 28-07-2021)<br>Last Updated By: Maya R (Audit Officer, On 31-07-2021) | 1-22 |
| 23 | ആസ്തി മാനേജ്മെന്റ് കമ്മറ്റി -പ്രവർത്തനം ഫലപ്രദമല്ല<br>Written By: Maya R (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-23 |
| 24 | ഗ്രാമപഞ്ചായത്തിൽ ശാസ്ത്രീയ അജൈവ മാലിന്യ പരിപാലനം ഉറപ്പുവരുത്തുക<br>Written By: Ambily M (Asst. Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-24 |
| 25 | ജലനിധി<br>Written By: Ambily M (Asst. Audit Officer, On 30-07-2021)<br>Last Updated By: Ambily M (Asst. Audit Officer, On 02-08-2021) | 1-25 |
| 26 | ജിഎസ് ടി - സ്രോതസ്സിൽ കിഴിവ് ചെയ്തില്ല<br>Written By: Ambily M (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-26 |
| 27 | ഇലക്ഷൻ ഡെപ്പോസിറ്റ് ഹെഡിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിൽ മുതൽകൂട്ടുക<br>Written By: Ambily M (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-27 |
| 28 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ -മരുന്ന് ലഭ്യമായില്ല.<br>Written By: Saramma John (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | | 4-1 |

| | | |
|---|---|---|
| | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Krishnapriya.S (Auditor, On 27-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Maya R (Audit Officer, On 20-07-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 20-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Maya R (Audit Officer, On 20-07-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Maya R (Audit Officer, On 20-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya R (Audit Officer, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

2020-21 വർഷത്തെ ബജറ്റ് 11.03.2020 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 15.02.2021 തീയതിയിലെ V/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1642110.00 | 6513958.90 |
| വരവ് | 143579503.00 | 59165219.00 |
| ആകെ | 145221613.00 | 65679177.90 |
| ചെലവ് | 142874253.00 | 53368211.00 |
| നീക്കിയിരിപ്പ് | 2347360.00 | 12310966.90 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 31.05.21 -ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 65,13,958.90 രൂപയും തൻവർഷ വരവ് 5,91,65,219 രൂപയും തൻവർഷചെലവ് 5,33,68,211 രൂപയും വർഷാവസാന നീക്കിയിരിപ്പ് 1,23,10,966.90രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 8,97,60,037രൂപയും ആകെ ചെലവ് 9,08,35,096 രൂപയും ആകുന്നു. 2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) B-5 ഷെഡ്യൂളിൽ സമ്പൂർണ്ണ ഭവന പദ്ധതി തിരിച്ചടവിന് 49723 രൂപ കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് . പ്രസ്തുത തുക പഞ്ചായത്തിൽ നിന്നും തിരിച്ചടവിനായി അവശേഷിക്കുന്ന തുക തന്നെയാണെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

4)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

5)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6513958.90 |
| ഓഡിറ്റ് വർഷത്തെ വരവ് | 59165219.00 |
| | |

| | |
|---|---|
| ആകെ | 65679177.90 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 53368211.00 |
| നീക്കിയിരിപ്പ് | 12310966.90 |
| വരവിനങ്ങളിലുള്ള നഷ്ടം | 19144 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 7373250 | 7373250 | 7373250 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1789000 | 1789000 | 1789000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 20864000 | 20864000 | 20835689 | 28311 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 6642759 | 6642759 | 3592606 | 3050153 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 2880000 | 2880000 | 1891618 | 988382 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതി | ഇഎഫ്എംഎസ് | 0 | 20331905 | 20331905 | 20331905 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 213395.76 | 778682 | 992077.76 | 979932 | 12145.76 |
| ജലനിധി(ജല സുസ്ഥിരത , ജലജീവൻ മിഷൻ ഉൾപ്പടെ) | | 927662 | 2390185 | 3317847 | 959581 | 2358266 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ വിഹിതം | | 1116385 | 1383991 | 2500376 | 408371 | 2092005 |
| ഐ സി ഡി എസ് | | 778331 | 344636 | 1122967 | 350000 | 772967 |
| ലൈഫ് ഭവനപദ്ധതി | | 0 | 143371 | 143371 | 143371 | 0 |

1. വിവിധ ഫണ്ടുകളുടെ വകയിരുത്തൽ , വരവ് , നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

2.ഗ്രാന്റ് പത്രിക പ്രകാരം മേഖല തിരിച്ചുള്ള പദ്ധതികളുടെ എണ്ണവും അവയ്ക്കുള്ള അലോട്ട്മെന്റും നീക്കിയിരുപ്പും സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
3. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വകയിരുത്തൽ ,നീക്കിയിരിപ്പ് എന്നിവ വാർഷികകണക്കുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 28-01-2021 ലെ ഉത്തരവ് നം.80898/20/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 16-01-2020 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 18-01-2020 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 28-01-2020മുതൽ 01-02-2020 വരെ |
| | |

| | |
|---|---|
| ഊരുകൂട്ടം/വയോജന/ഭിന്നശേഷി ഗ്രാമസഭ | 31-01-2020 |
| വികസനസെമിനാർ | 15-02-2020 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ68092228/-രൂപയും ആകെ ചെലവ് 41005450/-രൂപയുമാണ്. ചെലവുശതമാനം 60.2%.

സർക്കാർ ഉത്തരവ് നമ്പർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ്പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 818500 | 818300 | 99.9% |
| വെറ്ററിനറി സർജൻ | 5 | 5 | 2298000 | 1476974 | 64% |
| എം.ഒ (പിഎച്ച്സി) | 2 | 2 | 500000 | 414903 | 83% |
| എം.ഒ(ഹോമിയോ) | 1 | 1 | 50000 | 50000 | 100% |
| എം.ഒ (ആയുർവേദം)) | 1 | 1 | 400000 | 400000 | 100% |
| വി ഇ ഒ-1 | 16 | 12 | 8285262 | 4035897 | 48.7% |
| വി ഇ ഒ-2 | 3 | 3 | 2957160 | 1983750 | 67.08% |
| ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 5 | 3871741 | 3020441 | 78% |
| സെക്രട്ടറി | 22 | 19 | 9141151 | 2216257 | 24.2% |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 122 | 86 | 39070414 | 26148928 | 66.9% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 500000 | 300000 | 60% |
| ഹെഡ്മാസ്റ്റർ | 1 | 1 | 200000 | 140000 | 70% |
| ആകെ | 184 | 140 | 68092228 | 41005450 | 60.2% |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 21.75 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>

2020-21 വർഷം പൊതുവിഭാഗം വികസനഫണ്ട്, എസ് സിപി, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവ 100% ചെലവഴിക്കാൻ സാധിച്ചിരുന്നുവെങ്കിലും, ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം യഥാക്രമം57.59% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും ചില നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രോജക്ടുകളിൽ 24.2% തുക മാത്രമാണ് തൻവർഷം ചെലവഴിക്കാൻ സാധിച്ചത്. ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|

| | |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 0 |
| എസ് സിപി | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 28311 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 0 |
| സിഎഫ് സി ഗ്രാന്റ് | 4038535 |
| ആകെ | 4066846 |

21 ലക്ഷത്തിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും 18.01.2020 ന് യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. വിദ്യാഭ്യാസം, കല, കായികം എന്നിവയുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21വർഷം സാങ്കേതിക അനുമതി ലഭിച്ച 465 പ്രോജക്ടുകളിൽ 366 എണ്ണം തൻവർഷം നടപ്പിലാക്കി. 45652 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 735 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 92 അയൽക്കൂട്ടങ്ങളും പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. ആട്ടിൻകൂട് നിർമ്മാണം, കാലിത്തൊഴുത്ത് നിർമ്മാണം, മഴക്കുഴി നിർമ്മാണം, നഴ്സറി നിർമ്മാണം, കുളം നവീകരണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 213395.76 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 20331905.00 | |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 778682.00 | |
| ആകെ വരവ് | | | 21323982.76 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 13428244.00 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 869641.00 | |
| | ഉപകരണങ്ങളുടെ വില, വാടക | 6034020.00 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 979932.00 | |
| ആകെ ചെലവ് | | | 21311837 |
| നീക്കിയിരിപ്പ് | | | 12145.76 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 5 | 4320 |
| കർഷകതൊഴിലാളി പെൻഷൻ | 729 | 1866200 |
| വിധവാപെൻഷൻ | 2231 | 5717000 |
| വാർദ്ധക്യകാല പെൻഷൻ | 6567 | 16558600 |
| വികലാംഗ പെൻഷൻ | 795 | 2010400 |
| 50 വയസ്സിനമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 114 | 312300 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2021 തീയതിയിൽ 4.00 പി എം-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3982/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഫെബ്രുവരി 2019 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് ഒക്ടോബർ 2019നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. നിയമപ്രകാരമുള്ള കാലയളവായ മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ സംഘടിപ്പിക്കുവാൻ ജനപ്രതിനിധികളും ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.

1-9-1 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ 2019 – 2020 ഡിസംബർ വരെയുള്ള കാലയളവിൽ സൂക്ഷിച്ചിരുന്നില്ല. (പ്രോജക്ട് മുഖേനയുള്ള വാങ്ങലുകൾ ഒഴികെ) . സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പിൽ കൃത്യത പുലർത്തേണ്ടതാണ്. ആവർത്തന ചെലവുകളായ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് , ഓഫീസ് വൈദ്യുത ചാർജ് , ടെലഫോൺ ചാർജ്, വാട്ടർ ചാർജ് എന്നിവയുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിച്ചിരുന്നില്ല.

1-9-2 ഇന്ധന ക്ഷമതാ ടെസ്റ്റ് കാലികമായി നടത്തിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബൊലേറോ ജീപ്പ് , ആംബുലൻസ് എന്നിവയുടെ 2020-21 മുതലുള്ള ഇന്ധന ക്ഷമതാ ടെസ്റ്റ് നാളിതു വരെ നടത്തിയിട്ടില്ല . ആയത് നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31/03/2020 | 03/2020 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് | 03.02.2018 മുതൽ | 2016-17 | എൽ.ബി.എ |

| | | | | |
|---|---|---|---|---|
| | ജനറലിന്റെ ഓഡിറ്റ് | 16.02.2018 വരെ | വരെ | (എച്ച്.ക്യൂ)II/ 8എ-2770/36 തീയതി 06.04.2018 |

## 1-11 ഇടപാടുകളില്ലാതെ ബാങ്ക് അക്കൗണ്ട് നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊഴുവനാൽ ബ്രാഞ്ചിൽ 67144423833 നമ്പരായി ഫ്ലഡ് റിലീഫ് ഫണ്ട് എന്ന പേരിൽ ഒരു അക്കൗണ്ട് വർഷങ്ങളായി ഇടപാടുകളില്ലാതെ നിലനിൽക്കുന്നു. പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യാൻ 30-7-2019ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി 4/1 ആയി തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല. അക്കൗണ്ടിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | 2019-20 | 2020-21 |
|---|---|---|
| മുന്നിരിപ്പ് | 29573 | 30130 |
| വരവ് (പലിശ) | 557 | 828 |
| ആകെ | 30130 | 30958 |
| ചെലവ് | 0 | 0 |
| നീക്കിയിരിപ്പ് | 30130 | 30958 |

കമ്മറ്റി തീരുമാനത്തിനനുസൃതമായി മേൽപ്പറഞ്ഞ ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - പല ഭാഗങ്ങളായി തിരിച്ച് നികുതി നിർണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(എ) വകുപ്പ് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള (സംയുക്ത ഉടമസ്ഥതയിലുള്ള ഒറ്റകെട്ടിടം) വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | മാത്യു ഇമ്മാനുവേൽ, മഞ്ഞ | 3/328/A | 20 | 113.25 * 30 = 3397.50 | 113.25*50 = 5662.50 | 2265 |
| | | 3/328/B | 23 | | | |
| | | 3/328/C | 26.25 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 3/328/D | 15 | | | |
| | | 3/328/E | 14 | | | |
| | | 3/328/F | 15 | | | |
| 2 | സാജൻ വെള്ളാപ്പള്ളിൽ | 5/361/A | 19.05 | 170.28 * 30 = 5108.40 | 170.28 * 50 = 8514 | 3405.60 |
| | | 5/361/B | 19.05 | | | |
| | | 5/361/J | 18.75 | | | |
| | | 5/361/K | 18.75 | | | |
| | | 5/361/L | 18.75 | | | |
| | | 5/361/M | 18.75 | | | |
| | | 5/361/N | 19.18 | | | |
| | | 5/361/P | 38 | | | |
| 3 | റ്റി വി സ്കറിയ കൈപ്പൻപ്ലാക്കൽ | 11/268/A | 62.73 | 140.52 * 30 = 4215.60 | 140.52 * 50 = 7026 | 2810.40 |
| | | 11/268/B | 27.71 | | | |
| | | 11/268/C | 25.04 | | | |
| | | 11/268/D | 25.04 | | | |

അപാകതയിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/29.07.2021) പല സാമ്പത്തിക വർഷങ്ങളിലായി പണി തീർത്ത് നമ്പർ അനുവദിച്ചതിനാലാണ് 30 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ ഈ നിയമപ്രകാരം വെവ്വേറെ ഉപയോഗങ്ങളോ ഘടകങ്ങളോ ഇല്ലാത്തതിനാൽ സൂചിത കെട്ടിടങ്ങളുടെ വസ്തുനികുതി നിയമപ്രകാരമുള്ള നിരക്കിൽ പുനർനിർണയിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്തിന്റെ പൊതു താത്പര്യം കണക്കിലെടുത്ത് നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറുകളുടെ ഭീമമായ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 മൊബൈൽ ടവറുകളുടെ 2011-12 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/ വാതിൽ നമ്പർ | ഉടമസ്ഥൻെറ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | III/279/M1 | ബി എസ് എൻ എൽ ടവർ | 2011-12 | 2722 |
| | | | 2012-13 | 2722 |
| | | | 2013-14 | 7197 |
| | | | 2014-15 | 7197 |
| | | | 2015-16 | 7197 |
| | | | 2016-17 | 7197 |
| | | | 2017-18 | 7197 |

| | | | | |
|---|---|---|---|---|
| | | | 2018-19 | 7197 |
| | | | 2019-20 | 7197 |
| | | | 2020-21 | 7197 |
| | | | ആകെ | 63020 |
| 2 | IX/37/M4 | ബി എസ് എൻ എൽ ടവർ | 2011-12 | 2722 |
| | | | 2012-13 | 2722 |
| | | | 2013-14 | 7623 |
| | | | 2014-15 | 7623 |
| | | | 2015-16 | 7623 |
| | | | 2016-17 | 7623 |
| | | | 2017-18 | 7623 |
| | | | 2018-19 | 7623 |
| | | | 2019-20 | 7623 |
| | | | 2020-21 | 7623 |
| | | | ആകെ | 66428 |
| 3 | XI/313/M6 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2011-12 | 2722 |
| | | | 2012-13 | 2722 |
| | | | 2013-14 | 43861 |
| | | | 2014-15 | 43861 |
| | | | 2015-16 | 43861 |
| | | | 2016-17 | 43861 |
| | | | 2017-18 | 43861 |
| | | | 2018-19 | 43861 |
| | | | 2019-20 | 43861 |

| | | | | |
|---|---|---|---|---|
| | | | 2020-21 | 43861 |
| | | | ആകെ | 356332 |
| 4 | XII/25/M5 | ബി എസ് എൻ എൽ ടവർ | 2011-12 | 2722 |
| | | | 2012-13 | 2722 |
| | | | 2013-14 | 10080 |
| | | | 2014-15 | 10080 |
| | | | 2015-16 | 10080 |
| | | | 2016-17 | 10080 |
| | | | 2017-18 | 10080 |
| | | | 2018-19 | 10080 |
| | | | 2019-20 | 10080 |
| | | | 2020-21 | 10080 |
| | | | ആകെ | 86084 |
| ഒട്ടാകെ | | | | 571864 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/26.07.2021) മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് ഡിമാൻറ് നോട്ടീസ് അയച്ചിരുന്നെങ്കിലും നികുതി അടവാക്കാത്തതിനാൽ ഓൺലൈൻ ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് പഞ്ചായത്ത് ഫണ്ടിൻെറ ഭീമമായ നഷ്ടത്തിന് ഇടയാക്കുന്നതും വസ്തു നികുതി നൽകാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നത് ചട്ടലംഘനത്തിന് കാരണമാകുന്നതുമാകയാൽ ആർ ആർ നടപടികൾ വേഗത്തിലാക്കി മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | തേവരോലിക്കൽ ഹോമിയോ ക്ലിനിക് | 1,2 |
| 2 | ധന്യ ഫിനാൻസ് | 1,2 |
| 3 | വെസ്റ്റേൺ ഇന്ത്യ കെമിക്കൽസ് | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/19.07.2021) കുടിശ്ശികയടക്കം അടവാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകി. തൊഴിൽ നികുതി കൃത്യമായി ഈടാക്കാത്തത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാക്കുന്നതായതിനാൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-15 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊഴുവനാൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (4 ബ്രാഞ്ചുകൾ) | 2 |
| 2 | തോടനാൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (2 ബ്രാഞ്ചുകൾ) | 2 |
| 3 | കെ എസ് ഇ ബി , പൈക സെക്ഷൻ | 2 |
| 4 | ദീപ്തി ക്ലിനിക്, കൊഴുവനാൽ | 1,2 |
| 5 | തേവറോലിക്കൽ ഹോമിയോ ക്ലിനിക്ക് | 1,2 |
| 6 | ആധാരമെഴുത്താഫീസ്, അരീക്കൽ | 1,2 |
| 7 | കള്ള് ഷാപ്പ് നം.7 | 1,2 |
| 8 | കള്ള് ഷാപ്പ് നം.10 | 1,2 |
| 9 | കള്ള് ഷാപ്പ് നം.11 | 1,2 |
| 10 | കള്ള് ഷാപ്പ് നം.14 | 1,2 |
| 11 | ബി എസ് എൻ എൽ, കൊഴുവനാൽ | 1,2 |
| 12 | തലവയലിൽ ചിറ്റ്സ് | 2 |
| 13 | ധന്യ ഫിനാൻസ് | 1,2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/19.07.2021) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു

1) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾക്കുള്ള 31.10.2017ലെ GO(P) 80 /2017 / തസ്വഭവ ഉത്തരവ് (എസ് ആർ ഓ നമ്പർ 674/ 2017) ഭേദഗതിയോടെ 2020-21വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിരുന്നു. താഴെപറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഉല്ലാതെ പ്രവർത്തിച്ചതായി കാണുന്നു

A)സപ്ലൈകോ സൂപ്പർ മാർക്കറ്റ്

B) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ

C) കള്ള് ഷാപ്പ് നമ്പർ 6, 7,10,11,14.

2)ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21വർഷം 217 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ 162 സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ കെട്ടിടനമ്പർ രേഖപ്പെടുത്തിയിട്ടില്ല .

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 3/20-21,തീയതി: 19.07.2021) മറുപടിയായി 2020-21 വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും,കോവിഡ് 19 പശ്ചാത്തലത്തിൽ ഫീൽഡ് പരിശോധന നടത്താൻ സാധിച്ചിട്ടില്ല

എന്നും, വരും വർഷത്തിൽ ഫീൾഡ് തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾ 2019-20 വർഷത്തിലും ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചവയാണ്. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഷോപ്പിംഗ് കോപ്ളക്സ് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

2020-21 വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ളക്സിൽ നിന്നും താഴെപറയുന്ന കുത്തകക്കാരുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടക ക്കാരന്റെ പേര് | 2020-21 വർഷത്തെ നിരക്ക് (വാടക +ജി.എസ്.റ്റി) | ഈടാക്കാത്ത മാസങ്ങൾ | കുടിശിക | |
|---|---|---|---|---|---|
| | | | | വാടക | ജി.എസ്.റ്റി |
| 1 | കെ.ജി.ഷാബു 2/136 | 1765+318 | 01/2021-03/2021 | 5295 | 954 |
| 2 | ബോബി ജോർജ് 11/280 | 1490+262 | 02/2021-03/2021 | 2980 | 524 |
| ആകെ | | | | 8275 | 1478 |

കൂടാതെ ഷോപ്പിംഗ് കോപ്ളക്സ് കെട്ടിടം 11/281 നമ്പരായുള്ള മുറി 10/2020 മുതൽ ഒഴിഞ്ഞു കിടക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 5/20-21,തീയതി: 19.07.2021) വാടക കുടിശ്ശിക അടവാക്കിയിട്ടില്ലെന്നും കുടിശ്ശിക അടവാക്കണമെന്ന് ആവശ്യപ്പെട്ട് ടിയാളുകൾക്ക് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. 10/2020 മുതൽ ഒഴിഞ്ഞു കിടക്കുന്ന 11/281 നമ്പർ മുറി ലേലം നടത്തുന്നതിന് 26.02.2021 ന് ലേല നോട്ടീസ് പരസ്യപ്പെടുത്തിയിരുന്നുവെങ്കിലും ടി ദിവസം ആരും ലേലത്തിൽ പങ്കെടുത്തില്ലായെന്ന് അറിയിച്ചിരുന്നു. 26.02.2021 മുതൽ 04.05.2021 വരെ നിയമസഭ ഇലക്ഷന്റെ പെരുമാറ്റ ചട്ടം നിലനിൽനിരുന്നതിനാൽ ടി കാലയളവിൽ ലേലം നടത്താൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. മേൽ സൂചിത വാടകക്കാരുടെ പിഴപ്പലിശ സഹിതം കുടിശ്ശിക ഈടാക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന മുറി ലേലനടപടികൾ സ്വീകരിച്ച് വരുമാനദായകമാക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം മുൻ കൂട്ടി രജിസ്ട്രേഷനില്ലാതെ യാതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചതായി കാണുന്നു.

1) നിരപ്പേൽ ഹോമിയോ ക്ളിനിക്ക്

2)തേവരോലിക്കൽ ഹോമിയോ ക്ളിനിക്ക് .

3)സാൻസ് ലാബ് പ്രൈവററ് ലിമിറ്റഡ് .

4)ഡീപ്തി ക്ളിനിക്ക് ,കൊഴുവനാൽ

ഇതുസംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ4/20-21/19.07.2021) പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിരുന്നില്ല എന്നും പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 മേവട കമ്മ്യൂണിറ്റിഹാൾ കെട്ടിടനിർമ്മാണം - നാളിതുവരെ 46,17,945/- രൂപ വിനിയോഗിച്ചു- നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം &പേര് | 150/2021മേവട കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം |
| അടങ്കൽ | 1000000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം) |
| ചെലവ് | 919299/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം)<br>Bill No 32/20-8-2020, 47/13-11-2020 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ബെന്നിച്ചൻ റ്റി.എം |
| കരാർ നം | 60/AE/LSGD/KVL/15-2-2020 |
| എംബുക്ക് നം | 50/18-19 |

തദ്ദേശമിത്രം പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് സഹായത്തോടെ 2017-18 വർഷം 1,23,30,000/- രൂപ അടങ്കലായി തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. ലോകബാങ്ക് വിഹിതമായി ലഭിച്ച തുക നിശ്ചിത സമയത്തിനുള്ളിൽ ചെലവഴിക്കാതിരുന്നത് മൂലം കെട്ടിടനിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നില്ല. കെട്ടിടത്തിന്റെ ബേസ്മെന്റ് , ഒന്നാം നില, രണ്ടാം നില എന്നിവയുടെ സ്ട്രക്ച്ചർ വർക്ക് ഭാഗികമായി മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളൂ. 2019-20 വർഷം ഒന്നാം നില പൂർത്തീകരിക്കുന്നതിന് പ്രൊജക്റ്റ് രൂപീകരിക്കുകയും 9,19,299/- ചെലവഴിക്കുകയും ചെയ്തിരുന്നു. 2017-18 മുതൽ നാളിതുവരെ കമ്മ്യൂണിറ്റി ഹാളിനായി46,17,945/- രൂപ വിനിയോഗിച്ചിരുന്നുവെങ്കിലും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവർത്തികളുടെ വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 6) മറുപടിയായി സെക്കന്റ് ഫ്ലോർ പൂർത്തീകരണം അവശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. കൂടാതെ ഗ്രൗണ്ട് ക്ലിയർ



ചെയ്ത് കെട്ടിടത്തിലേക്കുള്ള പ്രവേശനം സുഗമമാക്കേണ്ടതുണ്ട്. സെക്കന്റ് ഫ്ലോർ സ്ട്രക്ച്ചർമാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിന്റെ പൂർത്തീകരണത്തിനായി 52,10,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രതീക്ഷിക്കുന്നതായും പൂർത്തീകരണത്തിന് ആവശ്യമായ ധനസഹായത്തിന് സർക്കാരിനെ സമീപിക്കാനും ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 9-10-19 ലെ 1/2 നമ്പരായി തീരുമാനമെടുത്തിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ തുക കണ്ടെത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിലേക്കായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

<u>പൂർത്തീകരിച്ച ഗ്രൗണ്ട് ഫ്ലോർ - വരുമാനദായകമാക്കിയില്ല</u>

കെട്ടിടത്തിന്റെ സെല്ലാർ ഭാഗം രണ്ടുമുറികളായി ഷട്ടറ് നൽകി പൂർത്തിയാക്കിയിട്ടുണ്ട്. ടി മുറികളിലേക്കുള്ള പ്രവേശനമാർഗ്ഗം നിരപ്പാക്കി ക്രമീകരിക്കേണ്ടതുണ്ട്. ആയത് പൂർത്തീകരിച്ച് ടി മുറികൾ ലേലം ചെയ്ത് നൽകി ഗ്രാമപഞ്ചായത്തിന് വരുമാനദായകമാകുന്ന രീതിയിൽ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 കൂട്ടുങ്കൽ-ആയില്യം കുന്ന് മണ്ണ് ഫില്ലിങ്ങ് &ടാറിങ്ങ് - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 148/2021കൂട്ടുങ്കൽ-ആയില്യം കുന്ന് മണ്ണ് ഫില്ലിങ്ങ് & ടാറിങ്ങ് |
| | |

| | |
|---|---|
| അടങ്കൽ | 495000/-(മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| ചെലവ് | 226523/-(മെയിന്റനൻസ് ഗ്രാന്റ്-റോഡ്) Bill No 14/17-4-2020, 84/29-03-2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജയൻ മോഹനൻ |
| കരാർ നം | 61/AE/LSGD/KVL/19-2-2020 |
| എംബുക്ക് നം | 224/18-19 |

1. പ്രസ്തുത പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ 1-ാമത്തെ ഇനമായി 16.696m3 മണ്ണ് എസ്കവേറ്റ് ചെയ്തിരുന്നു. എന്നാൽ 4-ാമത്തെ ഇനമായി ചെയ്ത Filling With Contractors Own Earth എന്ന പ്രവർത്തിക്ക് 197.010m3 മണ്ണ് ഫില്ല് ചെയ്തതിൽ കുഴിച്ചെടുത്ത 16.696m3 മണ്ണ് ഉപയോഗിച്ചില്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 7) മറുപടിയായി കുഴിച്ചെടുത്ത മണ്ണ് അതേ റോഡിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് അതിന് ശേഷമാണ് മണ്ണ്ഫില്ലിങ്ങിനായുള്ള ഇനിഷ്യൽ ലെവൽസ് എടുത്തത് എന്ന് അറിയിച്ചിരുന്നു. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. കട്ട് എർത്ത് അതേ സ്ഥലത്ത് ഉപയോഗിച്ചെങ്കിൽ ആയത് എംബുക്കിൽ രേഖപ്പെടുത്തൽ വരുത്തേണ്ടിയിരുന്നു. എന്നാൽ ഓഡിറ്റ്എൻക്വയറി നൽകിയതിന് ശേഷം എംബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയ നടപടി ക്രമപ്രകാരമല്ല.

2. കരാറുകാരനായ ശ്രീ ജയൻമോഹൻ കരാർ പ്രകാരം 19-07-2020 നകം (5മാസം) പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ ടിയാൾ പ്രവർത്തി പൂർത്തിയാക്കിയത് 25-3-2021 നാണ്. കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിരുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എസ്റ്റിമേറ്റ് റിവിഷന് കമ്മറ്റി തീരുമാനം 30-10-2020 ൽ എടുത്തശേഷം മാത്രമാണ് പണി ആരംഭിച്ചതെന്നും വകുപ്പുതലത്തിലുണ്ടായ താമസം പരിഗണിച്ചാണ് പിഴ ഒഴിവാക്കിയതെന്നുമറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കരാർ ചമച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ 12-2-2021 ന് കരാറുകാരന് കത്ത് നൽകുകയും ആയതിന് ശേഷം 22-02-2021 ന് മാത്രം പണിആരംഭിക്കുകയും ചെയ്തിരുന്നു(എംബുക്ക് പേജ് നം1). കരാർ ദീർഘീകരണത്തിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിക്കുകയോ ചെയ്തിരുന്നില്ല. കരാറുകാരന് പിഴ ഒഴിവാക്കിക്കൊണ്ടുള്ള പഞ്ചായത്ത് കമ്മറ്റി തീരുമാനവും ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ കരാർ വച്ച് ഒരു വർഷത്തിന് ശേഷം മാത്രം പ്രവർത്തി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തത് മൂലം പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 20-7-2020 മുതൽ 19-10-2020 വരെ (3മാസം) | പിഎസി യുടെ 1%<br>=1% Of 441897= 4418 |
| 20-10-2020 മുതൽ 19-01-2021 വരെ (3മാസം) | പിഎസി യുടെ 2%<br>=2% Of 441897= 8836 |
| 20-01-2021 മുതൽ 25-3-2021 വരെ (2മാസം) | പിഎസി യുടെ 1%<br>=2% Of 441897= 8836/3x2= 5890 |
| ആകെ | 19144 |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 കെഴവംകുളം ജലവിതരണപദ്ധതി - ടാങ്ക് നവീകരണവും പൈപ്പ് ലൈൻ സ്ഥാപിക്കലും -ഫണ്ട് വിനിയോഗത്തിലെ അപാകതകൾ.

1. (പ്രൊ.നം 169/2021 )കെഴവംകുളം ജലവിതരണപദ്ധതി ഗ്രാമപഞ്ചായത്തിലെ ജലനിധി പ്രൊജക്റ്റാണ്. പ്രസ്തുത പ്രൊജക്റ്റിനായി 2020-21 വർഷംഅസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ നിന്നും 4,00,000/-രൂപ അടങ്കലായി പ്രൊജക്റ്റ് തയ്യാറാക്കുകയും 3,98,873/-(ബിൽ നം 46/13-11-2020) രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ജലനിധി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ജലനിധി അക്കൗണ്ടിൽ 31-03-2020ൽ 927662/- രൂപ ബാലൻസ് അവശേഷിക്കെ പ്രസ്തുത ഫണ്ട് ഉപയോഗിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉപയോഗിച്ചത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11)മറുപടിയായി 15-2-2020ൽ ജലനിധി എക്സിറ്റ് നടത്തിയതിനാലാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചത് എന്നറിയിച്ചിരുന്നു. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. ജലനിധി ഫണ്ട് ബാലൻസ് അവശേഷിക്കുന്നതിനാൽ ടി തുക ഉപയോഗിക്കാതെ വികസഫണ്ട് ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല. ഫണ്ട് വിനിയോഗത്തിൽ ശ്രദ്ധപുലർത്തേണ്ടതാണ്.

2. 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ ജലവിതരണപദ്ധതികൾക്കും പരമാവധി ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തണമെന്നും നിബന്ധനയുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്റ്റിന് ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നില്ല. സർക്കാർ ഉത്തരവുകൾക്കനുസൃതമായി ഗുണഭോക്തൃവിഹിതം വകയിരുത്തി മാത്രം ജലവിതരണപ്രൊജക്റ്റുകൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കൃഷിഭവൻ പുനരുദ്ധാരണം-പൊളിച്ച് മാറ്റിയ GI റൂഫിങ്ങ് ഷീറ്റ്- ലേലനടപടികൾ സ്വീകരിച്ചില്ല.

(പ്രൊ.നം 169/2021 ) കൃഷിഭവൻ പുനരുദ്ധാരണം എന്ന പ്രൊജക്റ്റിന്റെ ഭാഗമായി 97m2 GI റൂഫിങ്ങ് ഷീറ്റ് പൊളിച്ച് റിപ്പയർ ചെയ്യുന്നതിനായി നീക്കം ചെയ്തിരുന്നു. നീക്കം ചെയ്ത ഷീറ്റിന് അസിസ്റ്റന്റ് എഞ്ചിനീയർ 10913/- രൂപ വാല്യുവേഷൻ നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി നൽകിയിരുന്നു. ഷീറ്റുകൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 26-07-2021 ലെ പഞ്ചായത്ത് കമ്മറ്റിയിൽ 10-ാം നമ്പർ തീരുമാനപ്രകാരം ഷീറ്റുകൾ ലേലം ചെയ്യാൻ തീരുമാനമെടുത്തതായി അറിയിച്ചിട്ടുണ്ട്. ഷീറ്റുകൾ തുരുമ്പെടുത്ത് നശിക്കുന്നതിന് മുൻപെ ലേലനടപടികൾ സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-23 ആസ്തി മാനേജ്മെന്റ് കമ്മറ്റി -പ്രവർത്തനം ഫലപ്രദമല്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വല് സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട് . ടി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും യോഗം ചേരുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. ആസ്തികളിടെ പ്രതിമാസ,അർദ്ധവർഷ,വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ലായെന്ന് കാണുന്നു. ആസ്തി പരിപാലനത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-24 ഗ്രാമപഞ്ചായത്തിൽ ശാസ്ത്രീയ അജൈവ മാലിന്യ പരിപാലനം ഉറപ്പുവരുത്തുക

കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ 13 മിനി എംസിഎഫ് കളിലായി സംഭരിക്കുന്ന മാലിന്യങ്ങൾ തോക്കാട് മെയിൻ എംസിഎഫ് ലാണ് സൂക്ഷിക്കുന്നത്. വൗച്ചർ നം. 22000535/17-11-20 പ്രകാരം തോക്കാട് മെയിൻ എംസിഎഫ് ൽ നിന്നും 990 Kg അജൈവ മാലിന്യങ്ങൾ ക്ലീൻ കേരളാ കമ്പനിക്ക് കൈമാറിയതിന് 11,781 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേവട ഭാഗത്തെ എംസിഎഫ് നിറഞ്ഞതിനാൽ തോക്കാട് ഭാഗത്തെ ഉപയോഗ ശൂന്യമായ കിണറ്റിലും , 13 വാർഡുകളിലും അലക്ഷ്യമായി വലിച്ചെറിഞ്ഞ അജൈവമാലിന്യങ്ങൾ വാർഡ് 8 ലെ സ്വകാര്യ പുരയിടത്തിലെ ഉപയോഗശൂന്യമായ കിണർ നിറയ്ക്കാൻ ഉപയോഗിച്ചതിനുമായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. / തീയതി | തുക (രൂപ) | റിമാർക്സ് |
|---|---|---|
| 22000415 / 12-10-20 | 5000 | 13 വാർഡുകളിലെ അജൈവ മാലിന്യം വാർഡ് 8 ലെ സ്വകാര്യ പുരയിടത്തിലെ ഉപയോഗശൂന്യമായ കിണർ നിറയ്ക്കാൻ ഉപയോഗിച്ചതിന് നൽകിയ തുക. |
| 22000147 / 18-06-20 | 1000 | മേവട ഭാഗത്തെ എംസിഎഫ് നിറഞ്ഞതിനാൽ തോക്കാട് ഭാഗത്തെ ഉപയോഗ ശൂന്യമായ കിണറ്റിൽ മാലിന്യം നിക്ഷേപിക്കുന്നതിന് അനുവദിച്ച തുക |

വിശദീകരണം ആവശ്യപ്പെട്ട നൽകിയ 10/21/26-07-21 ന് മറുപടിയായി മിനി എംസിഎഫുകൾ സ്ഥാപിച്ചിരിക്കുന്നതിന്റെ പരിസരത്ത് വാഹനയാത്രക്കാർ മാലിന്യം നിക്ഷേപിക്കുന്നുവെന്നും മാലിന്യങ്ങളുടെ ആധിക്യം മൂലം പൊതുജനപരാതിയെ തുടർന്ന് അടിയന്തിരമായി മാലിന്യം ഇപ്രകാരം നീക്കം ചെയ്യേണ്ടി വന്നെതെന്നും മറുപടി നൽകി . 2021 ഏപ്രിൽ മുതൽ മാത്രമാണ് ഹരിതകർമ്മസേന പ്രവർത്തനക്ഷമമായത് . ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ അജൈവ മാലിന്യപരിപാലനം ശാസ്ത്രീയമായി നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യ നീക്കത്തിനായി ക്ലീൻകേരളാ കമ്പനിയുമായി കരാറിലേർപ്പെടേണ്ടതും കൃത്യമായ ഇടവേളകളിൽ അജൈവ മാലിന്യ നീക്കം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-25 ജലനിധി

ജലനിധി പദ്ധതിയുടെ ഭാഗമായി 14 പ്രോജക്ടുകളാണ് പഞ്ചായത്തിൽ പൂർത്തീകരിച്ചത്. ആയവ ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയിട്ടുമുണ്ട്. ജലനിധി പദ്ധതിയുടെ പൂർത്തീകരണ ശേഷം എസ് ബി ഐ ജലനിധി അക്കൗണ്ടിൽ 2020-21 ൽ 9,20,930 രൂപ അവശേഷിച്ചിട്ടുണ്ട്. തുടർന്നാവിഷ്കരിച്ച പ്രോജക്ടുകളായ ജലനിധി സുസ്ഥിരത പദ്ധതി (ജലഗുണനിലവാരം മെച്ചപ്പെടുത്തൽ ) യുടെ പഞ്ചായത്ത് വിഹിതമായി 284970 രൂപയും , ജലജീവൻ മിഷൻ (വാട്ടർ കണക്ഷൻ നൽകൽ ) യുടെ പഞ്ചായത്ത് വിഹിതമായി 225000 രൂപയും ഉൾപ്പെടെ 509970 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ജലനിധി പ്രോജക്ടുകൾ വഴി ആർജ്ജിച്ച 14 പ്രോജക്ടുകൾ പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല. ആയവ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ജിഎസ് ടി - സ്രോതസ്സിൽ കിഴിവ് ചെയ്തില്ല

ചുവടെ ചേർക്കുന്ന പ്രൊജക്ടുകളിൽ 12% ജിഎസ് ടി നഷ്ടപരിഹാര തുകയായി ജോസഫ് റ്റി ജെ എന്ന കരാറുകാരന് നൽകിയിരുന്നു. എന്നാൽ ബിൽ തുകയിൽ നിന്നും ആദായ നികുതി , ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയിരുന്നുവെങ്കിലും ജിഎസ് ടി -റ്റിഡിഎസ് വിഹിതമായി ഈടാക്കേണ്ടിയിരുന്ന 2% തുക ഈടാക്കിയിരുന്നില്ല. കരാറുകാരൻ ജിഎസ് ടി വിഹിതം വാണിജ്യനികുതി വകുപ്പിലേക്ക് അടയ്ക്കുന്നുവെന്ന് നിരീക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബില്ലിൽ നിന്നും സ്രോതസ്സിൽ 2% തുക കിഴിവ് നടത്തി അടയ്ക്കേണ്ടിയിരുന്നു. കിഴിവ് ചെയ്യേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | പ്രവൃത്തി മൂല്യം | 2 % ജി എസ് ടി കിഴിവ് ചെയ്യേണ്ടിയിരുന്നത് (രൂപ) | ബിൽ നം / തീയതി |
|---|---|---|---|
| 111/21,മേവട ഗവ.എൽപിഎസ് സ്കൂൾ വയറിംഗ് | 59,782 (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)) | 1196 | 51/31.03.21 |
| 104/21 , കെഴുവൻകുളം പി | 1,66,466 ( മെയിന്റനൻസ് | 3329 | 52/31.03.21 |

| | | | |
|---|---|---|---|
| എച്ച് സി സബ്സെന്റർ വയറിംഗ് | ഗ്രാന്റ് (റോഡിതരം) ) | | |
| | ആകെ | 4525 | |

ബന്ധപ്പെട്ട കരാറുകാരൻ പ്രസ്തുത വർക്കിന് ഫയൽചെയ്ത ജിഎസ് ടി റിട്ടേൺ ഹാജരാക്കാത്ത പക്ഷം ടിയാളിൽ നിന്നും 2% തുക ജിഎസ് ടി ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ് .

## 1-27 ഇലക്ഷൻ ഡെപ്പോസിറ്റ് ഹെഡിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിൽ മുതൽകൂട്ടുക

2020-21 വാർഷികകണക്ക് B7 ഷെഡ്യൂളിൽ, 2020 ഡിസംബറിലെ പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളിൽ നിന്ന് ഇലക്ഷൻ ഡെപ്പോസിറ്റായി സ്വീകരിച്ച 23000 രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. ഇതിൽ ആകെ വോട്ടിന്റെ 1/6 വിഹിതം ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ തിരികെ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും, ബാക്കി തുകയിൽ വാങ്ങാത്ത തുക കാലാവധി കഴിയുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതുമാണ്.

## 1-28 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ -മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റ് നമ്പർ 36/2021ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രകാരം മരുന്ന് വാങ്ങുന്നതിനായി റോഡിതരമെയിന്റനൻസ് ഫണ്ടിൽനിന്ന് 50,000/-രൂപ (ബിൽ നം.1/2020-21/17.02.2021) ഹോംകോ എന്ന സ്ഥാപനത്തിന് നല്കിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/20-21,തീയതി: 27.07.2021) മരുന്ന് നാളിതു വരെ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതുവരെ ഇതിനായി ചെലവഴിച്ച 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 21.07.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിൻെറ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 10.02.2021 | 100000 | 19/21, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 26.03.2021 | 50000 | 26/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 30.03.2021 | 114903 | 22/21, പാലിയേറ്റീവ് കെയർ | 114903 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 30.10.2020 | 357500 | 26/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 357500 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 18.01.2021 06.03.2021 | 400000 | 09/21, ലൈഫ് ഭവന പദ്ധതി - ജനറൽ | 400000 | 0 |
| | ആകെ | 1022403 | | 1022403 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഈയിനത്തിൽ ഓഡിറ്റ് വർഷം ചെലവില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി. | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 58,79,842 | 54,38,665 | 40000 | 556157 | 4922508 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

തോടനാൽ സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം.19/25.02.2015ൽ 2,75,483 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | 30,128 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 30,128 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| സ്ഥിര നിക്ഷേപ നമ്പർ | 19/25.02.2015 |

മേൽ അക്കൗണ്ടിലെ പലിശ തുക വർഷാവസാനം പിൻവലിച്ച് തോടനാൽ സർവീസ് സഹകരണ ബാങ്കിലെ ദുരിതാശ്വാസ നിധിയിലേക്ക് (അക്കൗണ്ട് നം. 3169) നിക്ഷേപിക്കുന്നു.

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>17(ഘ) | 2001-02<br>5-3 | പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |
| 2000-01<br>ഭാഗം 1- 4(2) | 2004-05<br>3-5 (2) | കെട്ടിട നികുതി ഡിമാന്റിൽ ചേർത്ത് അടച്ചില്ല | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈയിനത്തിൽ തുകയൊന്നും വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65679177.90 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 53368211.00 |
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | : | 19144 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർചാർജ് ചെയ്യാവുന്നത്) | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 50000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 19144 | ഗ്രീഷ്മ ജി , അസിസ്റ്റന്റ് എഞ്ചിനീയർ |

ഫൈൻ തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ട ചുമതല അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 50000 | ഡോ.ലക്ഷ്മി, മെഡിക്കൽ ഓഫീസർ ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 | നം.എൽ.എഫ്.കെ.പി.2/1177/94/7.7.95 | - |
| 1995-96 | നം.എൽ.എഫ്.കെ.പി.7/343/11/2.4.11/6.4.11 | 2 |
| 1997-98(ചെലവ്) | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(1)/ 03.03.18 | 2 |
| 1998-99 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(2)/ 03.03.18 | 3 |
| 1999-2000 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(3)/ 03.03.18 | 1 |
| 2000-01 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(4)/ 03.03.18 | 6 |
| 2001-02 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(5/ 03.03.18 | 1 |
| 2002-03 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(6)/ 03.03.18 | 3 |
| 2003-04 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/215(8)/ 18/3.3.18 | 2 |
| 1998-99 (വരവ്) | നം.എൽ.എഫ്.കെ.പി.7/345/11/2.4.11/6.4.11 | 6 |
| 2004-05 | നം.കെ.എസ്.എ-കെ.ടി.എം.പി.7/(അദാ)18/ 215(9)18/3.3.18 | 9 |
| 2005-06 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(10)/ 18/3.3.18 | 7 |
| 2006-07 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(11)18/3.3.18 | 5 |
| 2007-08 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(12)/ 18/3.03.18 | 4 |
| 2008-09 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(13)/ 18/3.3.18 | 1 |
| 2009-10 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(14)/ 18/3.3.18 | 5 |
| 2010-11 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(15)/ 18/3.3.18 | 3 |
| 2011-12 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(16)/ 18/3.3.18 | 5 |
| 2012-13 | നം.എൽ.എഫ്.കെ.പി.7/601/15/30.9.15 | 11 |
| 2013-14, 14-15 | കെ.എസ്.എ- കെ.ടി.എം.പി7/1639/17/21.11.17 | 8 |
| 2015-16 | കെ.എസ്.എ- | 13 |

| | | |
|---|---|---|
| | കെ.ടി.എം.പി7/1640/17/21.11.17 | |
| 2016-17 | കെ.എസ്.എ-<br>കെ.ടി.എം.പി7/2025/17/26.12.17 | 13 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി7/18/2019/<br>20.02.2019 | 27 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി7/1779/2019/<br>15.06.2020 | 31 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്